(ബി) എങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) എസ്റ്റേറ്റ് പ്രവർത്തനത്തിൽ പ്രസ്തുത സമരം സ്തംഭനം ഉണ്ടാക്കാതിരിക്കുവാൻ നടപടിയെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നോ;

(ഡി) ഈ ഉത്തരവനുസരിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്) തൊട്ടടുത്ത് പ്രവർത്തനരഹിതമായിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിൽനിന്നും തൊഴിലാളികൾ കൊണ്ടുവരുന്ന കൊളുന്ത് മെർക്കിസ്റ്റർ എസ്റ്റേറ്റിൽ സ്വീകരിക്കാമെന്ന് എഗ്രിമെന്റുണ്ടാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ രണ്ടു തോട്ടങ്ങളിലെ തൊഴിലാളികളുടേയും താൽപ്പര്യം സംരക്ഷിക്കുന്ന മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റിലെ സമരം അവസാനിപ്പിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പ്ലാന്റേഷൻ എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) ന്റെ ജനറൽ ഡിമാന്റുകൾ അംഗീകരിക്കുന്നതിനുവേണ്ടിയാണ് സമരം.

(സി) ഇല്ല.

(ഡി)&(ഇ) ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) സമരം അവസാനിപ്പിക്കുന്നതിനുള്ള അനുരഞ്ജനചർച്ചകൾ നടന്നുവരുന്നു.

105 (501) കേരള ആർട്ടിസാൻസ് യൂണിയന്റെ വാഹന പ്രചരണ ജാഥ

ശ്രീ. എം. മുരളി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആർട്ടിസാൻസ് യൂണിയൻ 1999 മെയ് മാസത്തിൽ ഒരു സംസ്ഥാന വാഹന പ്രചരണജാഥ നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾ നേടുന്നതിനാണ് ഈ ജാഥ നടത്തിയത്;

(സി) ഈ ആവശ്യങ്ങളിൽ ഏതെല്ലാം ഗവൺമെന്റ് അംഗീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ഫലമായി എത്ര പേർക്ക് പ്രയോജനം ലഭിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നടപടികൾക്കായി ആവശ്യങ്ങളുടെ പട്ടിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകൾക്ക് വ്യവസായ വകുപ്പിൽനിന്നും അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

106 (502) ശ്രീ. ജെ. രാജനെ പിരിച്ചുവിട്ട നടപടി

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വാച്ചറായി ജോലി ചെയ്തിരുന്ന ശ്രീ. ജെ. രാജനെ പിരിച്ചുവിട്ടതു സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ലേബർ ആഫീസർ ഇതുമായി ബന്ധപ്പെട്ട കക്ഷികളുടെ ഹിയറിംഗ് വിളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം ഹിയറിംഗ് നടത്തിയിട്ടുണ്ട്; ഹിയറിംഗിൽ ആരെല്ലാം പങ്കെടുത്തു;

(സി) ഹിയറിംഗിനുശേഷം എന്തു നടപടി ഇതിൽ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീ. രാജന് പുനർനിയമനം നൽകുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ. 648/94-ൽ മേലുള്ള വിധിന്യായത്തിന്റെ പകർപ്പ് കേരളാ സ്റ്റേറ്റ് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഒരു വ്യവസായമാണോ എന്നുള്ള വിഷയം ലേബർ കോടതിയുടെയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ മുൻപാകെ ഉന്നയിക്കുന്നതിനുവേണ്ടി ഹൈക്കോടതി തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ലേബർ ആഫീസർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഹിയറിംഗ് വിളിച്ചിട്ടുണ്ട്. മൂന്നു പ്രാവശ്യം ഹിയറിംഗ് നടത്തിയിട്ടുണ്ട്. പരാതിക്കാരൻ മൂന്നു പ്രാവശ്യവും ഹിയറിംഗിൽ പങ്കെടുത്തു. എന്നാൽ മാനേജ്മെന്റ് ഒരു തവണ മാത്രമേ ഹിയറിംഗിൽ പങ്കെടുത്തിട്ടുള്ളൂ.

(സി)&(ഡി) ഹിയറിംഗിൽ പ്രശ്നം പരിഹരിക്കപ്പെടാത്തതിനാൽ പ്രശ്നം കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് അഡ്ജുഡിക്കേഷന് വിടുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള ലേബർ കമ്മീഷണറുടെ ഐ.ഡി. ആക്ട് 12(4) പ്രകാരമുള്ള റിപ്പോർട്ട് 19.6.99-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതു പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII

നക്ഷത്രചിഹ്നമിടാത്ത 105 (501)-ാം നമ്പർ ചോദ്യം കാണുക

1. കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച റേഷൻ സാധനങ്ങളുടെ വില പിൻവലിക്കുന്നതിന് കേരള സർക്കാർ ആവശ്യമായ സമ്മർദ്ദം ചെലുത്തുക.

2. 60 വയസ്സ് കഴിഞ്ഞ മുഴുവൻ പരമ്പരാഗത കൈത്തൊഴിലാളികൾക്കും പെൻഷൻ നൽകുക.

3. എ) കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുക.

ബി) കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ നൽകുക.

4. മണൽ വാരുന്ന മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിക്ക് ഉടനടി പരിഹാരം ഉണ്ടാക്കുക.

5. എ) കരിങ്കൽ ക്വാറികളിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനം ഒഴിവാക്കുക.

ബി) മണൽ, കരിങ്കല്ല് എന്നിവ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളെ പോലീസ് അനധികൃതമായി തടയുന്നത് അവസാനിപ്പിക്കുക.

6) അസംഘടിത പരമ്പരാഗത കൈത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ആവശ്യമായ ദേശീയ തൊഴിൽ സംരക്ഷണ നിയമം ഉണ്ടാക്കുന്നതിന് കേരള സർക്കാർ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

7. എ) കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുക.

ബി) ക്ഷേമപദ്ധതിയിൽ ചേർന്ന് പണം അടച്ചിട്ടുള്ള നിർമ്മാണതൊഴിലാളികളുടെ തുക പലിശസഹിതം അടിയന്തിരമായും തിരിച്ചുനൽകുക.

8. എ) തയ്യൽത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും എല്ലാ ജില്ലകളിലും ഓഫീസ് തുറന്നു പ്രവർത്തിക്കുകയും ചെയ്യുക.

ബി) തയ്യൽത്തൊഴിലാളി ക്ഷേമമിധി ബോർഡിൽ ആർട്ടിസാൻസ് യൂണിയന്റെ ഒരു പ്രതിനിധിയെ സർക്കാർ നോമിനേറ്റ് ചെയ്യുക.

9. എ) സ്വർണ്ണത്തൊഴിലാളികൾ ഇന്നു നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുകയും യന്ത്രനിർമ്മിത സ്വർണ്ണാഭരണങ്ങൾ വിൽക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക.

ബി) സ്വർണ്ണത്തൊഴിലാളി ക്ഷേമനിധി ഉടനടി നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സി) എല്ലാ സ്വർണ്ണാഭരണ കച്ചവടക്കാരും സ്വർണ്ണത്തൊഴിലാളികളെക്കൊണ്ട് ആഭരണം നിർമ്മിപ്പിക്കുകയും പണി എടുക്കുന്ന തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കുകയും ചെയ്യുക.

10. എ) കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

ബി) പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുക.

സി) ക്ഷേമനിധി ബോർഡിൽ ആർട്ടിസാൻസ് യൂണിയന്റെ ഒരു പ്രതിനിധിയെ നോമിനേറ്റ് ചെയ്യുക.

11. എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന നിർമ്മാണ പ്രവർത്തനത്തിന് ആർട്ടിസാൻസിന് അർഹമായ പ്രാതിനിധ്യം നൽകുക.

ബി) ആർട്ടിസാൻസുകൾക്ക് പണി ആയുധങ്ങൾ നൽകുന്നതിനും ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനും വീടു വയ്ക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ സംവിധാനം ഏർപ്പെടുത്തുകയും ആയത് ആസൂത്രണ ബോർഡിനെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

അനുബന്ധം XIV

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(1999 ജൂൺ 24-ാം തീയതിയിലെ കാര്യവിവരപട്ടിക കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25-3-1999-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXXVII	വ്യവസായങ്ങൾ	35,45,80,000	65,07,23,000	70,91,59,000	1,30,14,47,000	2,01,06,06,000

LIBRARY ARCHIVES Kerala Legislative Assembly